# കേരളസർവകലാശാല

നം.പി.ആർ.252/2020

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ഇസ്ലാമിക് ഹിസ്റ്ററി, എം.എ.സോഷ്യോളജി, എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ, എം.എ.മാസ് കമ്മ്യൂണിക്കേഷൻ എന്നീ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ.തമിഴ്, എം.എ.ഹിന്ദി റെഗുലർ ആന്റ് സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 ഫെബ്രുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ (2014 സ്കീം – റെഗുലർ, സപ്ലിമെന്ററി) 2011 സ്കീം – സപ്ലിമെന്ററി, അഞ്ചാം സെമസ്റ്റർ (2014 സ്കീം – റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 31 വരെ അപേക്ഷിക്കാം.

### പരീക്ഷാഫീസ്

എട്ടാം സെമസ്റ്റർ ബി.ടെക്. 2008 സ്കീം, 2013 സ്കീം സപ്ലിമെന്ററി/സെഷണൽ ഇംപ്രൂവ്മെന്റ് പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തെ 2016 അഡ്മിഷൻ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്. ഡിസംബർ 21 മുതൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. പിഴകൂടാതെ 2021 ജനുവരി 4 വരെയും 150 രൂപ പിഴയോടെ ജനുവരി 6 വരെയും 400 രൂപ പിഴയോടെ ജനുവരി 8 വരെയും ഓൺലൈനായി അപേക്ഷിക്കാം. സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ ഓഫ്ലൈനായി മാത്രം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

# <u>ടെക്നിക്കൽ അസിസ്റ്റന്റ് – ഇന്റർവ്യൂ</u>

കേരളസർവകലാശാല ബയോടെക്നോളജി വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റിനെ നിയമിക്കുന്നതിനായി ഡിസംബർ 23 ന് രാവിലെ 11 മണിക്ക് ഇന്റർവ്യൂ നടത്തുന്നതാണ്. ഉദ്യോഗാർത്ഥികളുടെ ചുരുക്കപ്പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ 0471 2386426 എന്ന നമ്പറിലും സർവകലാശാല വെബ്സൈറ്റിലും ലഭ്യമാണ്.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**18.12.2020**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**